## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1126** — **13/06/2013-ൽ മറുപടിയ്ക്ക്**

## കൊല്ലങ്കോട് ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) | കൊല്ലങ്കോട് ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടി ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ; | (എ) | കൊല്ലങ്കോട് ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടി പ്രാരംഭ ഘട്ടത്തിലാണ്. ആയതിന്റെ 6(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം 18-02-2013-ൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | സ്ഥലം അളന്ന് തിട്ടപ്പെടുത്തി, വിജ്ഞാപനം പുറപ്പെടുവിച്ച് പൊതുമരാമത്ത് വകുപ്പിന് സ്ഥലം കൈമാറാനുള്ള നടപടി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ? | (ബി) | ഭൂമി ഏറ്റെടുക്കൽ നിയമമനുസരിച്ച് 4(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം, സർവ്വെ നടപടികൾ, പ്രഖ്യാപനം അംഗീകരിക്കൽ, വില നിർണ്ണയം, അവാർഡ് എൻക്വയറി, അവാർഡ് പാസ്സാക്കൽ, പുനരധിവാസ പാക്കേജനുസരിച്ചുള്ള ആനുകൂല്യങ്ങൾ നിശ്ചയിക്കൽ തുടങ്ങിയ നടപടികൾ പൂർത്തീകരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് രണ്ട് വർഷമെങ്കിലും വേണ്ടിവരും. ടി നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ.